## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6041 07.07.2014-ൽ മറുപടിയ്ക്ക്

## സ്റ്റേഷനറി വകുപ്പിൽ നിന്നും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ. എൻ.എ.ഖാദർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ഓഫീസുകളിലും എം.എൽ.എ മാർക്കും മന്ത്രിമാർക്കും സ്റ്റേഷനറി വകുപ്പിൽ നിന്നും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാരിലേയ്ക്ക് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ എം.എൽ.എ മാർക്ക് വിതരണം ചെയ്ത ജെൽ പേന ഉപയോഗയോഗ്യമല്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടെന്ന് സ്റ്റേഷനറി കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ; | (ബി) | ഉപയോഗയോഗ്യമല്ലാത്ത ജെൽ പേന വിതരണം ചെയ്തുവെന്ന പരാതിയെ തുടർന്ന് കരാറുകാരനോട് പകരം പേനകൾ വിതരണം ചെയ്യാൻ നിർദ്ദേശിക്കുകയും, ഉപയോഗയോഗ്യമായ പേന വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഗുണനിലവാരമില്ലാത്ത സാധനങ്ങൾ സർക്കാരിന് വിതരണം ചെയ്ത ഏതെങ്കിലും കമ്പനികളിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ? | (ഡി) | സർക്കാർ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകുന്ന പേപ്പറിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിന് പേപ്പർ ടെസ്റ്റിംഗ് ലാബ് സ്റ്റേഷനറി വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേഷനറികൾ അംഗീകൃത സാമ്പിളുമായി ഒത്തുനോക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് സ്റ്റോക്കിലെടുക്കാറുള്ളത്. വിതരണത്തിൽ നിന്നും റാൻഡം സെലക്ഷനിലൂടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. മേല്പറഞ്ഞ സ്ഥിരം സംവിധാനങ്ങൾ മേലിലും സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ